(ബി) ഇതിന് ആവശ്യമായ ഭൂമി ഏറ്റെടുത്തു കഴിഞ്ഞോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ അക്വിസിഷൻ നടപടി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റബ്ബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള രൂപരേഖയും എസ്റ്റിമേറ്റും പൂർത്തിയാക്കി ടെണ്ടറുകൾ ക്ഷണിച്ചുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്.

(ബി) ആവശ്യമായ 100 ഏക്കർ ഭൂമിയിൽ 50 ഏക്കർ സർക്കാർ ഭൂമി ഇതിനകം എടുത്തിട്ടുണ്ട്. ബാക്കി കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) റബ്ബർ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വാർത്താവിനിമയം, കോമൺ ഫെസിലിറ്റി സെന്റർ, ടെസ്റ്റിംഗ് സെന്റർ മുതലായവയോടു കൂടിയ പ്ലോട്ടുകൾ വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിക്കുന്നത്.

പുതിയ വ്യവസായങ്ങൾ

16 (2072)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയുടെ തീരപ്രദേശത്ത് ഇൽമനൈറ്റിന്റേയും, മോണോസൈറ്റിന്റേയും നിക്ഷേപം എത്ര ഉണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷം എത്ര ടൺ ഇൽമനൈറ്റും, മോണോസൈറ്റും കയറ്റുമതി ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ ഖനനം ചെയ്യുന്ന ഈ ഇൽമനൈറ്റും, മോണോസൈറ്റും ഉപയോഗിച്ച് 'വാല്യൂ ആഡഡ് പ്രോഡക്ട്സ്' ഉണ്ടാക്കുന്നതിനു വേണ്ടി എത്ര ടൺ ഇൽമനൈറ്റും മോണോസൈറ്റും ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംയുക്ത മേഖലയിൽ ആറാട്ടുപുഴ പഞ്ചായത്തിൽ ഇൽമനൈറ്റ് ഉപയോഗിച്ച് ഒരു ഫാക്ടറി ആരംഭിക്കുന്നതിന് പ്രോജക്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിൻമേൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയുടെ തീരപ്രദേശത്ത് 22 കിലോമീറ്റർ ദൈർഘ്യത്തിൽ നീണ്ടകര മുതൽ കായംകുളം വരെയുള്ള ഭാഗത്ത് ഖനിജ മണലിന്റെ വൻ നിക്ഷേപം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ 108 ദശലക്ഷം ടൺ ഇൽമനൈറ്റും, 1.5 ദശലക്ഷം മോണോസൈറ്റും അടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1996-97 ൽ 36522 ടണ്ണും 1997-98 ൽ 80420 ടണ്ണും 1998-99-ൽ 56155 ടണ്ണും ഇൽമനൈറ്റ് കയറ്റുമതി ചെയ്തിട്ടുണ്ട്. ചവറയിലുള്ള കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ നിന്ന് 1997-98 കാലയളവിൽ 40 മെട്രിക് ടൺ മോണോസൈറ്റ് കയറ്റുമതി ചെയ്തിട്ടുണ്ട്.

(സി) കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾക്ക് വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്നതിനുവേണ്ടി 1998-99 സാമ്പത്തികവർഷം 56500 മെട്രിക് ടൺ ഇൽമനൈറ്റ് ചവറ ഐ.ആർ.ഇ.യിൽ നിന്നും വിറ്റിട്ടുണ്ട്. ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് ഉണ്ടാക്കുന്നതിനുവേണ്ടി പ്രതിവർഷം 60000 മെട്രിക് ടൺ ഇൽമനൈറ്റ് കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ഉപയോഗിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ഹാന്റക്സിലെ എം.ഡി

17 (2073)ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാന്റക്സിന്റെ ബൈലാ പ്രകാരം എം.ഡി. ആയിരിക്കേണ്ട ആൾ ഫുൾടൈം സർക്കാർ ഉദ്യോഗസ്ഥനായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ഉത്തരം

ഹാന്റക്സിന്റെ ബൈലയിലെ വ്യവസ്ഥ അനുസരിച്ച് ഹാന്റക്സ് പ്രസിഡന്റുമായി ആലോചിച്ച് ഗവൺമെന്റ് നിയമിക്കുന്ന ഒരു ഫുൾടൈം സർക്കാർ ഉദ്യോഗസ്ഥൻ ആയിരിക്കണം ഹാന്റക്സ് എം.ഡി.

പുതിയ വ്യവസായങ്ങൾ

18 (2074)ശ്രീ. കെ.സി. ജോസഫ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ വിദേശികളുടെയോ വിദേശ മലയാളികളുടേയോ ആഭിമുഖ്യത്തിൽ എത്ര വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും എത്ര എണ്ണത്തിന് ക്ലിയറൻസ് നൽകുകയും ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുവെന്നും പ്രവർത്തനം ആരംഭിച്ചവയുടെ മൊത്തം മുതൽമുടക്ക് എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കിൻഫ്രയുടെ തിരുവനന്തപുരത്തും കൊച്ചിയിലുമുള്ള പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിനു വേണ്ടി താത്പര്യം പ്രകടിപ്പിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly